'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് വക കാറളം മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടങ്ങളിലേയും പുല്ലൂർ വ്യവസായ കേന്ദ്രത്തിലേയും ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലേയും മുറികൾ ഉപയോഗിക്കുന്നതിന് ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച നിയമാവലിക്ക് അംഗീകാരം നൽകി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.870/2019/LSGD തീയതി,തിരുവനന്തപുരം, 22/04/2019

പരാമർശം:- ഗ്രാമവികസന കമ്മീഷണറുടെ 12.11.2018-ലെ 13172/എച്ച് & റ്റി2/18/സി.ആർ.ഡി നമ്പർ കത്ത്

**ഉത്തരവ്**

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് വക കാറളം മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടങ്ങളിലേയും പുല്ലൂർ വ്യവസായ കേന്ദ്രത്തിലേയും ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലേയും മുറികൾ ഉപയോഗിക്കുന്നതിന് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള നിയമാവലിക്ക് അംഗീകാരം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINIMOL ABRAHAM
ADDITIONAL SECRETARY

പകർപ്പ്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

സെക്രട്ടറി, ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2019.04.24 11:57:54 IST
Reason: Approved
സെക്ഷൻ ഓഫീസർ

**ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് വക കാറളം മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടങ്ങളിലേയും പുല്ലൂർ വ്യവസായ കേന്ദ്രത്തിലേയും ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലേയും മുറികൾ ഉപയോഗിക്കുന്നതിനുള്ള അവകാശം സംബന്ധിച്ച ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് 13.06.2018 തീയ്യതിയിലെ 9(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച നിയമാവലി.**

1. നിർവ്വചനങ്ങൾ

എ) "കാറളം മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടങ്ങളിലെ മുറികൾ" എന്നത് ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനപരിധിയിൽ വരുന്നതും ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ വരുന്നതുമായ കാറളം മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടങ്ങളിലെ മുറികൾ എന്നതാകുന്നു.

ബി) "പുല്ലൂർ വ്യവസായ കേന്ദ്രം" എന്നത് മുരിയാട് ഗ്രാമപഞ്ചായത്ത് അനുവദിച്ചുതന്നിട്ടുള്ള സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി യുവതീയുവാക്കൾ പരിശീലനം നൽകുന്നതിനായി നിർമ്മിച്ചിട്ടുള്ള വ്യവസായം കേന്ദ്രത്തിലെ മുറികൾ എന്നാകുന്നു.

സി) "ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ മുറികൾ" എന്നത് വനിതാ വിഭാഗത്തിനായി ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള മുറികൾ എന്നതാകുന്നു.

ഡി) "ബ്ലോക്ക് പഞ്ചായത്ത്" എന്നത് ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്താകുന്നു.

ഇ) "സെക്രട്ടറി" എന്നത് 1994- ലെ കേരള പഞ്ചായത്ത് രാജാ ആക്ട് (1994-ലെ 13) നിർവ്വചിച്ചിട്ടുള്ളത് പ്രകാരം ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആകുന്നു.

എഫ്) "സാമ്പത്തിക വർഷം" എന്നത് ഏപ്രിൽ 1-ന് ആരംഭിച്ച് അടുത്ത വർഷം മാർച്ച് മാസം 31-ന് അവസാനിക്കുന്ന ഒരു വർഷം ആകുന്നു.

ജി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.

എച്ച്) "ആക്ട്" എന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13) എന്നാകുന്നു.

ഐ) ഈ ബൈലോയിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും കേരള പഞ്ചായത്ത് രാജ് ആക്ട് നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതുമാകുന്നു.

2. ബ്ലോക്ക് പഞ്ചായത്ത് വക കാറളം മിനി വ്യവസായ കേന്ദ്രം, പുല്ലൂർ വ്യവസായ കേന്ദ്രം എന്നീ കെട്ടിടങ്ങളിലെ മുറികൾ ഏറ്റെടുത്ത് വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതിനുള്ള അവകാശം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 172 പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമുപയോഗിച്ച് 4-ാം പട്ടികയിൽ 5-ാം ഖണ്ഡികയിൽ ഒന്നാമത്തെ ഇനമായ മിനി വ്യവസായ എസ്റ്റേറ്റ് നടത്തിപ്പിന് തയ്യാറാക്കിയ നിയമാവലിയിലെ വ്യവസ്ഥകൾ 256-ാം സെക്ഷനും 1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾക്കും വിധേയമായിരിക്കും.
3. സർക്കാരിൽ നിന്നോ മറ്റു മേലധികാരികളിൽ നിന്നോ കാലാകാലം പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിബന്ധനകളും ഈ നിബന്ധനകളോടൊപ്പം ഉഭയകക്ഷികൾക്കും ബാധകമായിരിക്കും.
4. ഈ നിയമാവലികളിൽ(ബൈലോ) ആവശ്യമെന്നു കണ്ടാൽ നിയമാനുസരണം ഭേദഗതികളോ, കൂട്ടിച്ചേർക്കലോ വരുത്താനും അവ ഗവൺമെന്റിന്റെ അല്ലെങ്കിൽ ഗവൺമെന്റ് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങി നടപ്പിലാക്കാനും ബ്ലോക്ക് പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും.
5. ഈ നിയമാവലി സർക്കാർ അംഗീകാരത്തിന് വിധേയമായി ബ്ലോക്ക് പഞ്ചായത്ത്

പ്രസിദ്ധീകരിക്കുന്ന തീയ്യതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

6. വ്യവസായ കേന്ദ്രങ്ങളിലെ മുറികൾ വ്യവസായ ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ അനുവദിക്കുകയുള്ളൂ. മുറികൾ ഉപയോഗിക്കാനുള്ള അവകാശം മാസവാടക അടിസ്ഥാനത്തിലായിരിക്കും അനുവദിക്കുക.

   എ) പുല്ലൂർ വ്യവസായ കേന്ദ്രത്തിലെ മുറികൾ പട്ടികജാതി വിഭാഗത്തിനായി ഉദ്ദേശിച്ചിട്ടുള്ളതും പട്ടികജാതി വിഭാഗത്തിലെ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നതിനുമായാണ് നിർമ്മിച്ചിട്ടുള്ളത്.

   ബി) ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ മുറികൾ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് മാത്രമാണ് അനുവദിക്കുക. മാസവാടക അടിസ്ഥാനത്തിലായിരിക്കും മുറികൾ അനുവദിക്കുക.

7. മുറികൾ വാടകക്കാരൻ എന്ന നിലയിൽ ഉപയോഗിക്കാൻ താൽപര്യമുള്ളവർ അത് സംബന്ധിച്ചുള്ള നിബന്ധനകൾ പൂർണ്ണമായും മനസ്സിലാക്കി പാലിച്ചുകൊള്ളാമെന്ന ഉറപ്പിനും വ്യവസായ കേന്ദ്രങ്ങളിലെ മുറികൾ അനുവദിച്ചുകിട്ടിയാൽ വ്യവസായ ആവശ്യത്തിനു മാത്രമേ ഉപയോഗിക്കൂ എന്നും കാണിക്കുന്ന ഒരു പ്രതിജ്ഞാപത്രം ഒപ്പിട്ട് ഈ നിയമാവലിയിലെ എട്ടാം ഖണ്ഡികയിൽ പ്രതിപാദിച്ച പ്രകാരം കൂടിക്കാഴ്ച നടത്തുന്നതിന് മുമ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.

8. മുറികൾ ആവശ്യമുള്ളവർ ആയതിന് ബ്ലോക്ക് പഞ്ചായത്ത് അപേക്ഷ ക്ഷണിച്ചാൽ നിശ്ചിത ഫോറത്തിൽ ബ്ലോക്ക് പഞ്ചായത്തിന് അപേക്ഷ നൽകേണ്ടതാണ്. അപേക്ഷയോടൊപ്പം അവർ തുടങ്ങാനുദ്ദേശിക്കുന്ന വ്യവസായത്തിന്റെ/ പ്രോജക്ടിന്റെ കോപ്പിയും ഉണ്ടായിരിക്കണം. ലഭിക്കുന്ന അപേക്ഷകൾ ബ്ലോക്ക് പഞ്ചായത്ത് ധനകാര്യവും ആസൂത്രണവും സ്റ്റാന്റിംഗ് കമ്മിറ്റി അപേക്ഷകരുമായി (വ്യവസായ സംരംഭകർ) കൂടിക്കാഴ്ച നടത്തി അനുയോജ്യമെന്ന് ബോദ്ധ്യപ്പെടുത്തുന്ന അപേക്ഷകൾ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തിന് വിധേയമായി തെരഞ്ഞെടുക്കുന്നതാണ്.

9. മുറി ലഭിക്കുന്ന ആൾക്ക് ബ്ലോക്ക് പഞ്ചായത്ത് തീരുമാനിക്കുന്ന വാടകനിരക്കിൽ വർഷാവർഷം കരാർ പുതുക്കി മുറി ഉപയോഗിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിക്ക് നിലവിലുള്ള വാടകയുടെ 5 മുതൽ 15 ശതമാനം അധികം നിശ്ചയിച്ച് തുടർ വർഷങ്ങളിൽ കൈവശക്കാരന് തന്നെ മുറികൾ നൽകാവുന്നതാണ്.

10. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി, ധനകാര്യവും ആസൂത്രണവും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം പരിശോധിച്ച് അംഗീകരിച്ചു കഴിഞ്ഞാൽ ഓരോ മുറിയും ഉപോയോഗിക്കുന്നതിന് യുക്തമെന്ന് തോന്നുന്ന പ്രതിമാസ വാടക നിശ്ചയിച്ച് വിവരം ബന്ധപ്പെട്ട അപേക്ഷകരെ അറിയിക്കുന്നതാണ്. വിവരം ലഭിച്ച് 10 ദിവസത്തിനകം സെക്യൂരിറ്റി ഡെപ്പോസിറ്റായി ഡബിൾ റൂമിന് (90 എം സ്ക്വയർ) 15000/- രൂപയും സിംഗിൾ റൂമിന് (60 എം സ്ക്വയർ) 10000/- രൂപയും അപേക്ഷകൻ ബ്ലോക്ക് പഞ്ചായത്തിൽ അടക്കേണ്ടതും പത്താം വകുപ്പിൽ നിർദ്ദേശിച്ച വിധം ബ്ലോക്ക് പഞ്ചായത്തുമായി ഉടമ്പടി വെച്ച് മുറി ഉപയോഗിക്കുന്നതിനായി ഏറ്റു വാങ്ങേണ്ടതുമാണ്.

    പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിക്കുന്ന മാസവാടകയുടെ മൂന്നിരട്ടിയിൽ കവിയാത്ത തുക മാത്രം മുൻകൂർ വാടക, ഡെപ്പോസിറ്റ് എന്നീ ഇനത്തിൽ ഒടുക്കിയാൽ മതി.

11. നിശ്ചയിക്കപ്പെട്ട മാസവാടക സംഖ്യയുടെ മൂന്ന് മാസത്തെ മൊത്തം തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റും ഉൾപ്പെടെയുള്ള മൊത്തം സംഖ്യയ്ക്ക് നിയമാനുസൃത വിലയുള്ള മുദ്ര പത്രത്തിൽ മുറി അനുവദിക്കപ്പെട്ട ഓരോ വ്യക്തിയും (വ്യവസായ സംരംഭകർ) സ്വന്തം ചെലവിൽ ബ്ലോക്ക്

പഞ്ചായത്തുമായി ഉടമ്പടി വെക്കേണ്ടതാണ്.

12. മാസ വാടക നിക്ഷേപമായും സെക്യൂരിറ്റി നിക്ഷേപമായും ബ്ലോക്ക് പഞ്ചായത്തിൽ അടക്കുന്ന സംഖ്യക്ക് യാതൊരു പലിശയും അനുവദിക്കുന്നതല്ല.
13. മുറി വാടകക്കാരൻ എന്ന നിലയിൽ ബ്ലോക്ക് പഞ്ചായത്തിൽ അടക്കേണ്ട എല്ലാ വിധ തുകകൾക്കും മുറി വാടകക്കാരനും അയാളുടെ സ്ഥാവര ജംഗമ വസ്തുക്കളും ഉത്തരവാദിയായിരിക്കുന്നതാണ്. മുറി അനുവദിക്കപ്പെട്ട നിശ്ചിത തീയതിക്കുള്ളിൽ ഈ നിബന്ധനയിൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം ബ്ലോക്ക് പഞ്ചായത്തുമായി ഉടമ്പടി വച്ച് മുറി ഏറ്റുവാങ്ങാത്ത പക്ഷം മുറി നൽകാനുള്ള തീരുമാനം ദുർബലപ്പെടുത്തുന്നതും നിരതദ്രവ്യമായി കെട്ടിവെച്ച സംഖ്യ പിടിച്ചെടുത്ത് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതുമാണ്.
14. പട്ടികജാതി വിഭാഗക്കാർക്ക് നീക്കി വെയ്ക്കുന്ന മുറികൾക്ക് ആവശ്യക്കാർ ഇല്ലാതെ വന്നാൽ സാധാരണ ക്രമമനുസരിച്ച് പൊതുലേലത്തിൽ നൽകുന്നതാണ്.
15. വനിതാ ഗ്രൂപ്പുകൾക്ക് ഡെപ്പോസിറ്റ് തുകയിലും 50% കിഴിവ് അനുവദിക്കുന്നതാണ്.
16. ബ്ലോക്ക് പഞ്ചായത്തിൽ ഏതെങ്കിലും വിധത്തിലുള്ള ബാദ്ധ്യതയുള്ളവർക്ക് മുറികൾ അനുവദിക്കുന്നതല്ല.
17. മുറികളിൽ ഉപയോഗിക്കേണ്ട മെഷിനറികൾ, മറ്റ് ഉപകരണങ്ങൾ എന്നിവ മുറി അനുവദിക്കപ്പെട്ടാൽ സ്വന്തം ചെലവിൽ സ്ഥാപിക്കേണ്ടതാണ്. മുറികളിൽ ആരംഭിക്കുന്ന വ്യവസായത്തിന് ആവശ്യമായ ലൈസൻസുകൾ ബന്ധപ്പെട്ട അധികാരികളിൽ നിന്ന് വ്യവസായ സംരംഭകർ സമ്പാദിക്കേണ്ടതാണ്.
18. സർക്കാർ മുദ്ര പതിപ്പിച്ച അളവ് തൂക്ക ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
19. കെട്ടിടത്തിന് കേടുപാടുകൾ സംഭവിക്കുന്ന യാതൊന്നും ചെയ്തു കൂടാത്തതാണ്.
20. മലിന വസ്തുക്കളോ സ്ഫോടക വസ്തുക്കളോ, വേഗം തീ പിടിക്കുന്ന വസ്തുക്കളോ ദുർഗന്ധം വമിക്കുന്ന് മറ്റ് വല്ലതുമോ മുറിയിൽ സൂക്ഷിക്കാൻ പാടില്ലാത്തതാണ്. **ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ വാടകയ്ക്ക് നൽകിയ മുറികളും പരിസരവും മുൻകൂർ നോട്ടീസ് നൽകാതെ പരിശോധിക്കാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.**
21. മുറി അനുവദിക്കപ്പെട്ട ആൾ പ്രതിമാസ വാടക അതാതു മാസം അഞ്ചാം തിയ്യതിക്കകം ബ്ലോക്ക് പഞ്ചായത്ത് ആഫീസിൽ അടക്കേണ്ടതാണ്. വാടക അടക്കുന്നതിൽ വീഴ്ച വരുത്തിയാൽ വീഴ്ച വരുത്തിയ തീയതി മുതൽ പണം അടക്കുന്ന തീയതി വരെയുള്ള കാലത്തേക്ക് 18 ശതമാനം പിഴ പലിശയോടുകൂടി സംഖ്യ അടക്കേണ്ടതാണ്. യാതൊരു കാരണവശാലും മൂന്ന് മാസത്തിൽ കൂടുതൽ കുടിശ്ശിക അനുവദിക്കുന്നതല്ല. മാസ വാടക നിശ്ചിത സമയത്തിനുള്ളിൽ അടയ്ക്കാതിരുന്നാലും ഉടമ്പടിയിലെ നിബന്ധനകൾ ലംഘിച്ചാലും മുറി തുടർന്ന് ഉപയോഗിക്കാനുള്ള അവകാശം റദ്ദ് ചെയ്യാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും. അവകാശം റദ്ദ് ചെയ്ത മുറികൾ പുനർവിതരണം നടത്താൻ ഇടവരുത്തുന്ന പക്ഷം അതുമൂലം ഉണ്ടാകാൻ ഇടയുള്ള മുഴുവൻ നഷ്ടങ്ങൾക്കും വീഴ്ച വരുത്തിയ മുറി വാടകക്കാരൻ എന്ന നിലയിൽ അയാളും അയാളുടെ സ്വത്തുക്കളും മാത്രം ഉത്തരവാദിയായിരിക്കും.
22. മുറി അനുവദിക്കപ്പെട്ട ആൾ യാതൊരു കാരണവശാലും മുറി മറ്റുള്ളവർക്ക് കൈമാറാൻ പാടുള്ളതല്ല. കൈമാറ്റം ചെയ്തതായി ബ്ലോക്ക് പഞ്ചായത്തിന് ബോധ്യപ്പെട്ടാൽ മുറികൾ ഉപയോഗിക്കാനുള്ള അദ്ദേഹത്തിന്റെ അവകാശം ദുർബലപ്പെടുത്തുന്നതായിരിക്കും.
23. മുറികളിൽ അതാത് വ്യവസായ ആവശ്യത്തിന് അനുയോജ്യമായ വിധത്തിൽ സ്വന്തം ചെലവിൽ വയറിംഗ് നടത്തി ഉപയോഗിക്കേണ്ടതും ഉപയോഗിക്കുന്ന വൈദ്യുതി ചാർജ്ജ് മുറി ഉപയോഗിക്കുന്ന ആൾ യഥാസമയം അടയ്ക്കേണ്ടതുമാണ്. കരാർ കാലാവധി തീരുന്ന ദിവസം

വരെ ഉപയോഗിച്ച വൈദ്യുതി ചാർജ്ജും അദ്ദേഹം അടയ്ക്കേണ്ടതാണ്.

24. ബ്ലോക്ക് പഞ്ചായത്തിന്റെ രേഖാ മൂലമുള്ള അനുവാദമില്ലാതെ എടുപ്പിനോ, അനുവദിക്കുന്ന മുറികൾക്കോ, യാതൊരുവിധ ഭേദഗതികളോ കൂട്ടിച്ചേർക്കലോ വരുത്താൻ വാടകക്കാരന് അധികാരമില്ലാത്തതാണ്. മുറികളുടെ ഭിത്തികൾക്കോ ചുമരുകൾക്കോ മറ്റ് അനുബന്ധ ഉപകരണങ്ങൾക്കോ കേടുപാടുകൾ വരുത്തുന്ന വിധത്തിലോ വ്യക്തമാക്കുന്ന രീതിയിലോ ചുമരെഴുത്ത്, പോസ്റ്ററൊട്ടിക്കൽ, ഭിത്തികൾക്ക് കേടുപാടുകൾ സംഭവിക്കുന്ന സാധനങ്ങൾ സംഭരിക്കുക തുടങ്ങിയ യാതൊരു പ്രവർത്തിയും മുറി അനുവദിക്കപ്പെട്ടയാൾ ചെയ്യാൻ പാടില്ലാത്തതാണ്. ഇളക്കിമാറ്റാവുന്ന ബോഡുകളിൽ മാത്രമേ പരസ്യങ്ങൾ പ്രദർശിപ്പിക്കാൻ പാടുള്ളൂ. മേൽ പറഞ്ഞതിന് വിപരീതമായി ഏതെങ്കിലും തരത്തിലുള്ള കഷ്ടനഷ്ടങ്ങൾ ഉണ്ടായാൽ മുറി വാടകക്കാരൻ അതിന് ഉത്തരവാദിയായിരിക്കുന്നതും അയാളിൽ നിന്ന് പഞ്ചായത്ത് നിശ്ചയിക്കുന്ന നഷ്ടപരിഹാരം ഈടാക്കുവാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതുമാണ്.

25. മുറി അനുവദിക്കപ്പെട്ട ആൾ മുറി അനുവദിക്കുന്നതിന് സമർപ്പിച്ച ഹർജിയോടൊപ്പം ഹാജരാക്കിയ പ്രോജക്ടിൽ വിവരിച്ച വ്യവസായത്തിനല്ലാത്ത മറ്റ് യാതൊരാവശ്യങ്ങൾക്കും മുറി ഉപയോഗപ്പെടുത്താൻ പാടില്ലാത്തതാണ്.

26. വ്യവസായാവശ്യത്തിനുള്ള ഇലക്ട്രിക് ഫിറ്റിങ്ങുകൾ മുറി അനുവദിക്കപ്പെട്ട ആൾ സ്വന്തം ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്. യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതുമൂലം കെട്ടിടത്തിന് സംഭവിച്ചേക്കാവുന്ന കേടുപാടുകൾ നീക്കം ചെയ്യുന്നതിനും യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുമുള്ള മുഴുവൻ ചെലവും മുറി അനുവദിക്കപ്പെട്ട ആൾ വഹിക്കേണ്ടതാണ്.

27. മുറികൾ ഏറ്റെടുത്ത ശേഷം 6 മാസത്തിനുള്ളിൽ സംരംഭം തുടങ്ങിയില്ലെങ്കിൽ എഗ്രിമെന്റ് റദ്ദാക്കുകയും ബ്ലോക്ക് പഞ്ചായത്ത് മുറി ഏറ്റെടുക്കുന്നതുമാണ്.

28. മുറി അനുവദിക്കപ്പെട്ട ആൾ മുറി മാസവാടക സംബന്ധമായ നിബന്ധനകളോ ഉടമ്പടി വ്യവസ്ഥകളോ ലംഘിക്കുന്നതായാൽ അയാൾക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളാമെന്നും 500/-രൂപയിൽ (അഞ്ഞൂറ് രൂപ മാത്രം) കവിയാത്ത പിഴ ചുമത്താനും ആദ്യ ലംഘനത്തിന് പിഴ ഈടാക്കിയ ശേഷം ലംഘനം തുടർന്നുകൊണ്ടിരിക്കുന്ന സംഗതിയിൽ അങ്ങനെ ലംഘനം തുടരുന്ന ഓരോ ദിവസത്തേയ്ക്കും അൻപത് രൂപയിൽ കവിയാത്ത തുക പിഴ ഈടാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്. അങ്ങനെ പിഴ ചുമത്തിയാൽ ആ സംഖ്യയും വാടകക്കാരന്റെ സെക്യൂരിറ്റി ഫണ്ടിൽ നിന്ന് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. അത്രയും സംഖ്യ അത് സംബന്ധിച്ച നോട്ടീസ് കൈപ്പറ്റിയാൽ ഏഴ് ദിവസത്തിനുള്ളിൽ വാടകക്കാരൻ ബ്ലോക്ക് പഞ്ചായത്തിൽ കെട്ടിവയ്ക്കേണ്ടതാണ്.

29. മുറി അനുവദിക്കപ്പെടുന്ന ആൾ കാലാവധിക്ക് മുൻപേ മുറി ഒഴിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആയത് വ്യക്തമാക്കിക്കൊണ്ടുള്ള ഒരു ഹർജി രേഖാമൂലം മുറി ഒഴിയാൻ ആഗ്രഹിക്കുന്ന തീയ്യതിക്ക് ഒരു മാസം മുമ്പ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ഹർജി ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചുകഴിഞ്ഞാൽ അയാളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് വാടക ഡെപ്പോസിറ്റ് എന്നീ തുകകളിൽ നിന്ന് അയാൾ ബ്ലോക്ക് പഞ്ചായത്തിൽ അടയ്ക്കാൻ വല്ല സംഖ്യയും ബാക്കിയുണ്ടെങ്കിൽ അത് കഴിച്ച് ബാക്കിവരുന്ന സംഖ്യ അയാൾക്ക് തിരികെ നൽകുന്നതും അയാളെ ഒഴിവാക്കി മുറി തിരിച്ചുവാങ്ങുന്നതുമാണ്.

30. കരാർ അവധി തീരുന്ന ദിവസം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് യാതൊരു മുന്നറിയിപ്പും പ്രതീക്ഷിക്കാതെ മുറി ഉടമ മുറി ഒഴിഞ്ഞു താക്കോൽ സെക്രട്ടറിയെ എൽപ്പിക്കേണ്ടതാണ്.

31. രോഗം, മരണം എന്നിവ കാരണം വ്യവസായം തുടർന്ന് നടത്താൻ നിവൃത്തിയില്ലാതെ വരുന്ന

പക്ഷം റ്റും പിൻതുടർച്ചാവകാശിക്ക് പുതിയ കരാർ വച്ച് മുമ്പ് നിലവില്ലുള്ള വാടക നിരക്കിൽ തുടർന്നും മുറി ഉപയോഗിക്കുന്നതിനും അനുവദിച്ചുകൊടുക്കുന്നതാണ്. പിൻതുടർച്ചാവകാശ തർക്കമുള്ള പക്ഷം മുറികൾ പുതിയ ഹർജികൾ ക്ഷണിച്ച് അനുവദിക്കുന്നതാണ്.

32. ഏതെങ്കിലും കാരണവശാൽ വാടകയ്ക്ക് അനുവദിച്ച മുറി ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യത്തിന് വേണമെങ്കിൽ 3 മാസത്തെ മുൻകൂർ നോട്ടീസ് നൽകി മുറി ഒഴിപ്പിച്ചു വാങ്ങാൻ ബ്ലോക്ക് പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

33. ഈ ഉപനിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചാൽ അതു മൂലം ബ്ലോക്ക് പഞ്ചായത്തിന് നേരിട്ടേക്കാവുന്ന നഷ്ടം മുറി ഉപയോഗിക്കുന്ന ആളിൽ നിന്നും വസൂലാക്കുന്നതിന് നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

*** *** ***